LIBRARY ARCHIVES Kerala Legislative Assembly

തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് നിയമനം

4 (4331) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 മാർച്ച് 31-ന് കാലാവധി തീർന്ന തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ക്ലാർക്ക് തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഇതിനോടകം വിവിധ വിഭാഗങ്ങളിൽ നിന്നും ഏതെല്ലാം റാങ്ക് വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ;

(ബി) 2015 മാർച്ച് 31 വരെ വിവിധ വകുപ്പുകളിൽ നിന്നും എൽ.ഡി. ക്ലാർക്ക് തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ആയതിൽ എത്ര ഒഴിവുകളിലേക്ക് ഇനിയും പി.എസ്.സി. അഡ്വൈസ് മെമ്മോ അയയ്ക്കുവാനുണ്ടെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ് മെമ്മോ അയയ്ക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ചുവടെ ചേർക്കുന്നു:

OC	- 1080 റാങ്ക് വരെ
Ezhava	- 1094 റാങ്ക് വരെ
SC (S/L)	- 12 റാങ്ക് വരെ
ST (S/L)	- 29 റാങ്ക് വരെ
Muslim	- 1892 റാങ്ക് വരെ
L.C.	- 1785 റാങ്ക് വരെ
OBC	- 1179 റാങ്ക് വരെ
SIUC Nadar	- 1096 റാങ്ക് വരെ
Viswakarma	- 1164 റാങ്ക് വരെ
OX (S/L)	- 5 റാങ്ക് വരെ
Hindu Nadar	- 1110 റാങ്ക് വരെ

Dheevara	- 1349 റാങ്ക് വരെ
L.P.E.	- 294 റാങ്ക് വരെ
PH (Blind)	- 27 റാങ്ക് വരെ
PH (Deaf)	- 9 റാങ്ക് വരെ
PH (Ortho)	- 13 റാങ്ക് വരെ
Total Advice	- 1629

Last date of Advice - 2-6-2015

(ബി&സി) 2015 മാർച്ച് 30-ന് റദ്ദായ റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ ചെയ്യാനായി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ 214 ഒഴിവുകളിലേക്ക് ഇനിയും നിയമന ശിപാർശ നൽകവാനുണ്ട്. പ്രസ്തുത ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യുന്നത് സ്റ്റേ ചെയ്തുകൊണ്ടുള്ള ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവ് വെക്കേറ്റ് ചെയ്യുന്ന മുറയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നടപടികൾ പുനരാരംഭിക്കുന്നതാണ്.

സർക്കാരിന്റെ ക്ഷേമപ്രവർത്തനങ്ങൾ

5 (4332) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നാളിതുവരെ നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ;

(ബി) അതിനായി കേന്ദ്രത്തിൽനിന്ന് എത്ര തുകയുടെ ധനസഹായം ലഭ്യമായി ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ നടത്തിവരുന്ന ധനസഹായ ക്ഷേമ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ കൈപ്പുസ്തകം അനുബന്ധമായി ചേർക്കുന്നു.*

(ബി) യുവജനക്ഷേമം, വികലാംഗക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ/ന്യൂനപക്ഷ/ മറ്റു പിന്നോക്ക വിഭാഗ ക്ഷേമം, സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം, കുടുംബക്ഷേമം തുടങ്ങിയ പ്രമുഖ ക്ഷേമ പ്രവർത്തനങ്ങൾക്ക് കേന്ദ്ര പ്ലാൻ പദ്ധതി/ കേന്ദ്രാവിഷ്കൃത പദ്ധതികൾ എന്നീ ഇനത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly